നമ്പർ: എം റ്റി (3) 5445/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 08/02/2011

## സർക്കുലർ നമ്പർ: 14 /2011

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സംഘങ്ങളിലെ/ സ്ഥാപനങ്ങളുടെ വിദ്യാർത്ഥികളുടെ സംസ്ഥാനതല കലോത്സവം 2011 - സംഭാവന നൽകുന്നതിന് അനുവാദം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) സഹകരണ കോളേജ് കലോത്സവം 2011 ന്റെ കൺവീനർ/പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)ടെ 04.02.2011 ലെ 210/2011/M നമ്പർ കത്ത്.

2) സഹകരണ കോളേജ് കലോത്സവം 2011 ന്റെ സ്വാഗത സംഘം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 08.02.2011 ലെ 3-ാം നമ്പർ തീരുമാനം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ/സ്ഥാപനങ്ങളിലെയും (സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന സഹകരണ പരിശീലന കേന്ദ്രങ്ങൾ/ കോളേജുകൾ എന്നിവ ഒഴികെ) വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ, 2011 ഫെബ്രുവരി മാസം 26, 27, 28 എന്നീ തീയതികളിൽ പാലക്കാട് ജില്ലയിൽ വച്ച് ഒരു കലോത്സവം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത കലോത്സവത്തിന്റെ നടത്തിപ്പിലേയ്ക്കായി, സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള, സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി സംഭാവന നൽകുന്നതിന് ഇതിനാൽ അനുവാദം നൽകുന്നു. ടി വിവരം എല്ലാ ജനറൽ വിഭാഗം ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും അതാത് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

ഒപ്പ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്: 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ ജില്ലകൾക്കും.
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എല്ലാ ജില്ലകൾക്കും.
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ താലൂക്കുകൾക്കും.
4. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എല്ലാ താലൂക്കുകൾക്കും
5. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
6. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, എല്ലാ ജില്ലകൾക്കും.
7. ഡയറക്ടർ,
കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
8. എല്ലാ സഹകരണ അപ്പക്സ് സ്ഥാപനങ്ങൾക്കും.
9. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
10. എഡിറ്റർ, സഹകരണ വീഥി.
11. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)